# PONDICHERRY UNIVERSITY
## (A CENTRAL UNIVERSITY)

**B.A. Malayalam**
(Choice Based Credit System)

Syllabus

2017-18 onwards

# Board of Studies in Malayalam
## DIVISION OF SYLLABUS
# MODERN INDIAN LANGUAGES
## MIL for B.A/B.Sc Students

| Semester | Code | Title of the Paper |
|---|---|---|
| 1 | MIL-1<br>LMAL-1 | MalayalaKavitha |
| 2 | MIL-2<br>LMAL-2 | Katha Sahithyam |
| 3 | MIL-3<br>LMAL-3 | GadyaSahithyam |
| 4 | MIL-4<br>LMAL-4 | DrisyakalaSahithyam |

## MIL for B.Com/B.B.A/B.C.A/ B.Sc Computer Science Students

| Semester | Code | Title of the Paper |
|---|---|---|
| 1 | MIL-1<br>LMAL-1 | MalayalaCherukatha |
| 2 | MIL-2<br>LMAL-2 | AadhunikaKavitha |
| 3 | MIL-3<br>LMAL-3 | SamakalikaGadyaVyavaharangal |
| 4 | MIL-4<br>LMAL-4 | DrisyakalayumSahithyavum |

## Board of Studies in Malayalam
## DISCIPLINE SPECIFIC CORE COURSES FOR B.A.(MALAYALAM)

| Semester | Code | Title of the Paper |
|---|---|---|
| 1 | DSC-1A | AadhunikaKavitha |
| 1 | DSC-2A | CherukathaSahithyam |
| 2 | DSC-1B | Novel Sahithyam |
| 2 | DSC-2B | SamakalikaKavitha |
| 3 | DSC-1C | Pracheena-MadyakaleenaSahithyam |
| 3 | DSC-2C | NiroopanaSahithyam |
| 4 | DSC-1D | SahithyaSidhanthangal |
| 4 | DSC-2D | MalayalaNaatakam |

## ABILITY ENHANCEMENT COMPULSORY COURSES

| Semester | Code | Title of the Paper |
|---|---|---|
| 1 | AECC-1 | Public Administration |
| 2 | AECC-2 | Environmental Studies |

## SKILL ENHANCEMENT COURSES

| Semester | Code | Title of the Paper |
|---|---|---|
| 3 | SEC-1 | BhashaSanketikatha – Tatwavum Prayogam |
| 4 | SEC-2 | SamskrithaBhashayum Sahithyavum |
| 5 | SEC-3 | BhashasasthraTatwangal |
| 6 | SEC-3 | VrithasasthravumAlamkarasasthravum |

## DISCIPLINE SPECIFIC ELECTIVE

| Semester | Code | Title of the Paper |
|---|---|---|
| 5 | DSE-1A | PracheenaKeralam- CharthravumSamskaravum |
| 5 | DSE-2A | BhashasahithyaCharithram-Pracheenam |
| 5 | DSE-3A | Samskarapatanathinu Oru Amukham |
| 6 | DSE-1B | AdhunikaKeralam- CharithravumSamskaravum |
| 6 | DSE-2B | BhashasahithyaCharithram-Adhunikam |
| 6 | DSE-3B-1<br>DSE-3B-2 | MalayalalaVyakaranam<br>Sthreevadavum Sahithyavum |

# GENERIC ELECTIVE

| Semester | Code | Title of the Course |
|---|---|---|
| 5 | GE-1 | AchadiMadyamam- Tatwavum Prayogavum |
| 6 | GE-2 | DrishyaMadhyamam – Tatwavum Prayogavom |
| 5 | GE-1 | Rengavatharanam |
| 6 | GE-2 | GadyaRachana |

**DIVISION OF SYLLABUS – PAPERWISE**
**ELECTIVE FOUNDATION COURSE FOR BA/B.Sc PROGRAMMES**

## MODERN INDIAN LANGUAGE - MALAYALAM (Subject Code LMAL)

| Semester | Paper | Title of Paper | Code No. | Duration of Exam | Marks | Internal Marks |
|---|---|---|---|---|---|---|
| Semester 1 | Paper 1 | മലയാളകവിത | LMAL 111 | 3 hours | 75 | 25 |
| Semester 2 | Paper 2 | കഥാസാഹിത്യം | LMAL 121 | 3 hours | 75 | 25 |
| Semester 3 | Paper 3 | ഗദ്യസാഹിത്യം | LMAL 231 | 3 hours | 75 | 25 |
| Semester 4 | Paper 4 | ദൃശ്യകലാസാഹിത്യം | LMAL 241 | 3 Hours | 75 | 25 |

**ELECTIVE FOUNDATION COURSE FOR B.Com, B.B.A&B.Sc Computer Science PROGRAMMES**

## MODERN INDIAN LANGUAGE - MALAYALAM (Subject Code LMAL)

| Semester | Paper | Title of Paper | Code No. | Duration of Exam | Marks | Internal Marks |
|---|---|---|---|---|---|---|
| Semester 1 | Paper 1 | മലയാളചെറുകഥ | LMAL 111 | 3 hours | 75 | 25 |
| Semester 2 | Paper 2 | ആധുനികകവിത | LMAL 121 | 3 hours | 75 | 25 |
| Semester 3 | Paper 3 | സമകാലികഗദ്യവ്യവഹാരങ്ങൾ | LMAL 131 | 3 Hours | 75 | 25 |
| Semester 4 | Paper 4 | ദൃശ്യകലയും സാഹിത്യവും | LMAL 141 | 3 Hours | 75 | 25 |

# B.A. MALAYALAM PROGRAMME
# DIVISION OF SYLLABUS
# EFFECTIVE FROM 2017 ADMISSION

## SEMESTER 1

| Sl No | Paper | Title of Paper | Code No. | Duration of Exam | Marks Written Exam | Internal Marks | Total | Credits | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | L | T |
| 1 | MIL-1 | മലയാളകവിത | LMAL 111 | 3 hours | 75 | 25 | 100 | 3 | |
| 2 | F.C | English | ENGL 112 | 3 hours | 75 | 25 | 100 | 3 | |
| 3 | DSC 1A | ആധുനികകവിത | LMAL 111 | 3 hours | 75 | 25 | 100 | 4 | 2 |
| 4 | DSC 2A | ചെറുകഥാസാഹിത്യം | LMAL 112 | 3 hours | 75 | 25 | 100 | 4 | 2 |
| 5 | AECC | Public Administration | PADM 113 | 3 hours | 75 | 25 | 100 | 2 | |

## SEMESTER 2

| Sl No | Paper | Title of Paper | Code No. | Duration of Exam | Marks | Internal Marks | Total | Credits | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | L | T |
| 1 | MIL 2 | സമകാലികകഥ | LMAL 121 | 3 hours | 75 | 25 | 100 | 3 | |
| 2 | F.C | English | ENGL 122 | 3 hours | 75 | 25 | 100 | 3 | |
| 3 | DSC 1B | നോവൽസാഹിത്യം | LMAL 121 | 3 hours | 75 | 25 | 100 | 4 | 2 |
| 4 | DSC 2B | സമകാലികകവിത | LMAL 122 | 3 hours | 75 | 25 | 100 | 4 | 2 |
| 5 | AECC | Environmental Studies | ENVS 123 | 3 hours | 75 | 25 | 100 | 2 | |

## SEMESTER 3

| Sl No | Paper | Title of Paper | Code No. | Duration of Exam | Marks | Internal Marks | Total | Credits | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | L | T |
| 1 | MIL-3 | ഗദ്യസാഹിത്യം | LMAL 231 | 3 hours | 75 | 25 | 100 | 3 | |
| 2 | F.C | English | ENGL 232 | 3 hours | 75 | 25 | 100 | 3 | |
| 3 | DSC 1C | പ്രാചീന-മദ്ധ്യകാലീനസാഹിത്യം | LMAL 231 | 3 hours | 75 | 25 | 100 | 4 | 2 |
| 4 | DSC 2C | നിരൂപണസാഹിത്യം | LMAL 232 | 3 hours | 75 | 25 | 100 | 4 | 2 |
| 5 | SEC 1 | ഭാഷാസാങ്കേതികത- തത്വവും പ്രയോഗവും | LMAL 233 | 3 hours | 75 | 25 | 100 | 2 | |

## SEMESTER 4

| Sl No | Paper | Title of Paper | Code No. | Duration of Exam | Marks | Internal Marks | Total | Credits | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | L | T |
| 1 | MIL-4 | ദൃശ്യകലാസാഹിത്യം | LMAL 241 | 3 hours | 75 | 25 | 100 | 3 | |
| 2 | F.C | English | ENGL 242 | 3 hours | 75 | 25 | 100 | 3 | |
| 3 | DSC 1D | സാഹിത്യസിദ്ധാന്തങ്ങൾ | LMAL 241 | 3 hours | 75 | 25 | 100 | 4 | 2 |
| 4 | DSC 2D | മലയാളനാടകം | LMAL 242 | 3 hours | 75 | 25 | 100 | 4 | 2 |
| 5 | SEC 2 | സംസ്കൃതഭാഷയും സാഹിത്യവും | LMAL 243 | 3 hours | 75 | 25 | 100 | 2 | |

## SEMESTER 5

| Sl No | Paper | Title of Paper | Code No. | Duration of Exam | Marks | Internal Marks | Total | Credits | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | L | T |
| 1 | SEC 3 | ഭാഷാശാസ്ത്രതത്വങ്ങൾ | 351 | 3 hours | 75 | 25 | 100 | 2 | |
| 2 | DSE 1A | പ്രാചീനകേരളം - ചരിത്രവും സംസ്കാരവും | 352 | 3 hours | 75 | 25 | 100 | 4 | 1 |
| 3 | DSE 2A | ഭാഷാസാഹിത്യചരിത്രം – പ്രാചീനം | 353 | 3 hours | 75 | 25 | 100 | 4 | 1 |
| 4 | DSE 3A | സംസ്കാരപഠനത്തിന് ഒരു ആമുഖം | 354 | 3 hours | 75 | 25 | 100 | 4 | 1 |
| 5 | GE 1 | അച്ചടിമാദ്ധ്യമം – തത്വവും പ്രയോഗവും | 356 | 3 hours | 75 | 25 | 100 | 3 | |

## SEMESTER 6

| Sl No | Paper | Title of Paper | Code No. | Duration of Exam | Marks | Internal Marks | Total | Credits | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | L | T |
| 1 | SEC 4 | വൃത്തശാസ്ത്രവും അലങ്കാരശാസ്ത്രവും | 361 | 3 hours | 75 | 25 | 100 | 2 | |
| 2 | DSE 1B | ആധുനികകേരളം- ചരിത്രവും സംസ്കാരവും | 362 | 3 hours | 75 | 25 | 100 | 4 | 1 |
| 3 | DSE 2B | ഭാഷാസാഹിത്യചരിത്രം- ആധുനികം | 363 | 3 hours | 75 | 25 | 100 | 4 | 1 |
| 4 | DSE 3B-1<br>DSE 3B-2 | മലയാളവ്യാകരണം<br>സ്ത്രീവാദവും സാഹിത്യവും | 364-1<br>364-2 | 3 hours | 75 | 25 | 100 | 4 | 1 |
| 5 | GE 2 | ദൃശ്യമാദ്ധ്യമം- തത്വവും പ്രയോഗവും | 365 | 3 hours | 75 | 25 | 100 | 3 | |

## Board of Studies in Malayalam

# MODERN INDIAN LANGUAGE (MALAYALAM)

6 Lecture hours per week, 3 Credits in one semester. The course comprise of 4 papers, spread over 4 semesters. Total credits 12.

## Semester-1

### MIL-1 (LMAL) മലയാളകവിത

കാല്പനികത മുതൽ ആധുനികതവരെ മലയാളകവിതയിൽ ഉണ്ടായ ഭാവുകത്വപരിണാമം പരിചയപ്പെടുക. കവിതയുടെ രൂപപരവും ഭാവപരവുമായ വൈവിദ്ധ്യം തിരിച്ചറിയുവാനും ആസ്വദിക്കുവാനുമുള്ള ശേഷി കൈവരിക്കുകയാണ് പഠനത്തിന്റെ ഉദ്ദേശ്യം

പാഠഭാഗങ്ങൾ വിശദപഠനത്തിനുള്ളവയാണ്. ഒരു ഖണ്ഡകാവ്യവും തെരഞ്ഞെടുത്ത പത്ത് കവിതകളുമാണ് വിശദപഠനത്തിനായി നിർദ്ദേശിക്കുന്നത്. പാഠ്യഭാഗം അഞ്ച് യൂനിറ്റുകളായി തിരിച്ചിരിക്കുന്നു. എല്ലാ യൂനിറ്റുകളിൽനിന്നും ചോദ്യങ്ങൾ ചോദിക്കണം.

| | | |
|---|---|---|
| യൂനിറ്റ് | 1 ഖണ്ഡകാവ്യം. കുമാരനാശാൻ | ചിന്താവിഷ്ടയായ സീത |
| യൂനിറ്റ് | 2.1 പി. കുഞ്ഞിരാമൻനായർ | സൌന്ദര്യപൂജ |
| | 2.2 ഇടശ്ശേരി ഗോവിന്ദൻനായർ | വിവാഹസമ്മാനം |
| | 2.3 വൈലോപ്പിള്ളി ശ്രീധരമേനോൻ | യുഗപരിവർത്തനം |
| യൂനിറ്റ് | 3.1 എൻ.വി.കൃഷ്ണവാര്യർ | എലികൾ |
| | 3.2 അക്കിത്തം അച്യുതൻനമ്പൂതിരി | പണ്ടത്തെ മേശാന്തി |
| | 3.3 സുഗതകുമാരി | ബീഹാർ |
| യൂനിറ്റ് | 4.1 കടമ്മനിട്ട രാമകൃഷ്ണൻ | ശാന്ത |
| | 4.2 വിജയലക്ഷ്മി | മൃഗശിക്ഷകൻ |
| യൂനിറ്റ് | 5.1 പി. പി. രാമചന്ദ്രൻ | ലളിതം |
| | 5.2 കെ.ആർ. ടോണി | അന്ധകാണ്ഡം |

അധികവായനയ്ക്ക് നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ:

മലയാളകവിതാസാഹിത്യചരിത്രം- ഡോ എം.ലീലാവതി.

മലയാളകവിതാപഠനങ്ങൾ- സച്ചിദാനന്ദൻ

## Semester 2

### MIL-2 (LMAL)കഥാസാഹിത്യം

ആധുനികതയ്ക്കുശേഷം മലയാളത്തിലെ കഥാസാഹിത്യത്തിൽ ഉണ്ടായ രചകളുടെ വൈവിദ്ധ്യം പരിചയപ്പെടുത്തുകയും ആസ്വാദനം പരിശീലിപ്പിക്കുകയുമാണ് പഠനോദ്ദേശ്യം. പാഠഭാഗങ്ങൾ വിശദപഠനത്തിനുള്ളവയാണ്. ഒരു നോവലും പത്ത് കഥകളുമാണ് വിശദപഠനത്തിനായി നിർദ്ദേശിക്കുന്നത്. പാഠ്യഭാഗം അഞ്ച് യൂനിറ്റുകളായി തിരിച്ചിരിക്കുന്നു. എല്ലാ യൂനിറ്റുകളിൽനിന്നും ചോദ്യങ്ങൾ ചോദിക്കണം.

യൂനിറ്റ് 1. നോവൽ. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ- എം. മുകുന്ദൻ

യൂനിറ്റ് 2.1 എൻ. എസ്. മാധവൻ - ഹിഗ്വിറ്റ

2.2 ടി. വി. കൊച്ചുബാവ – ജലമാളിക
യൂനിറ്റ് 3.1 അശോകൻ ചരുവിൽ - പുഴവക്കത്തെ കവുങ്ങിൻതോട്ടങ്ങൾ
3.2 പി. കെ. നാണു - ഒറ്റപ്പെട്ട മനുഷ്യൻ
യൂനിറ്റ് 4.1 അഷിത – അമ്മ എന്നോട് പറഞ്ഞ നുണകൾ
4.2 കെ. ആർ. മീര – ഓർമ്മയുടെ ഞരമ്പ്
4.3 ഇ. സന്തോഷ് കുമാർ - മൂന്ന് വിരലുകൾ
യൂനിറ്റ് 5.1 സന്തോഷ് ഏച്ചിക്കാനം – ബിരിയാണി
5.2 പി. വി. ഷാജികുമാർ - ഉള്ളാൾ
5.3 ജി. ആർ. ഇന്ദുഗോപൻ - ചട്ടമ്പിസദ്യ

അധികവായനയ്ക്ക് നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ:
എൻ. ശശിധരൻ - കഥ കാലം പോലെ
എൻ. പ്രഭാകരൻ - കഥ തേടുന്ന കഥ
കെ.എസ്.രവികുമാർ - ആഖ്യാനത്തിന്റെ അടരുകൾ

## Semester 3

## MIL-3 (LMAL)ഗദ്യസാഹിത്യം

മലയാളഗദ്യസാഹിത്യത്തിന്റെ വികാസവും ആശയപരമായ സംവാദങ്ങളുടെ ചരിത്രവും പരിചയപ്പെടുത്തുക, ആശയസംവാദങ്ങൾ മനസ്സിലാക്കുക എന്നിവയാണ് പഠനലക്ഷ്യം. സംസ്കാരം, ജനാധിപത്യമൂല്യങ്ങൾ, മാനവികത എന്നിവയെക്കുറിച്ച് മലയാളത്തിൽ അവതരിപ്പിക്കപ്പെട്ട ആശയങ്ങളെ മുൻനിറുത്തി ഈ പഠനം നിർവ്വഹിക്കാവുന്ന വിധത്തിൽ പത്ത് ഉപന്യാസങ്ങളാണ് വിശദപഠനത്തിനായി നിർദ്ദേശിക്കുന്നത്. രണ്ട് ലേഖനങ്ങൾ ഒരു യൂനിറ്റ് എന്ന രീതിയിൽ അഞ്ച് യൂനിറ്റുകൾ.

1. എം. ഗോവിന്ദൻ - അറിവിന്റെ ഫലങ്ങൾ
2. എൻ. പി. മുഹമ്മദ് – മഹത്തായ നോവൽ
3. സി. ജെ. തോമസ് – ധിക്കാരിയുടെ കാതൽ
4. പി. കെ. ബാലകൃഷ്ണൻ - കുട്ടികൃഷ്ണമാരാരെപ്പറ്റി
5. എം. എൻ. വിജയൻ - ചങ്ങമ്പുഴയുടെ ആന്തരവൈരുദ്ധ്യങ്ങൾ
6. സുകുമാർ അഴീക്കോട് – മനസ്സ് വിഷമയമാകുന്നു, ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ, പി.കെ.ബ്രദേഴ്സ്, 1996.
7. കെ. പി. അപ്പൻ - എഴുത്തുകാരനും കക്ഷിരാഷ്ട്രീയവും
8. വി. സി. ശ്രീജൻ - ഒ.വി.വിജയന്റെ രാഷ്ട്രീയം, രാഹുകാലം, സൈൻ ബുക്സ്,2007.
9. മിനി സുകുമാർ, ജെ.ദേവിക – കേരളീയ പൊതുമണ്ഡലത്തിൽ സ്ത്രീവാദരാഷ്ട്രീയത്തിന്റെ സാദ്ധ്യതകൾ, ആണരശുനാട്ടിലെ കാഴ്ചകൾ, വിമൻസ് ഇംപ്രിന്റ്, കറന്റ് ബുക്സ്, 2006
10. വത്സലൻ വാതുശ്ശേരി, മിത്ത് : അധികാരം, പ്രത്യയശാസ്ത്രം, പരീക്കുട്ടി എന്ന വാസ്കോഡഗാമ, കൈരളി ബുക്സ്.2015

അധികവായനയ്ക്ക് നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ:
പഠിക്കാൻ നിർദ്ദേശിക്കപ്പെട്ട എഴുത്തുകാരുടെ മറ്റ് കൃതികൾ അധികവായനയ്ക്കായി നിർദ്ദേശിക്കുന്നു.

## <u>Semester 4</u>
## MIL-4 (LMAL)ദൃശ്യകലാസാഹിത്യം

കേരളത്തിന്റെ സമ്പന്നമായ ദൃശ്യകലാപൈതൃകത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയെന്നതാണ് പാഠോദ്ദേശ്യം. ഒരു ആട്ടക്കഥയും നാടകവുമാണ് വിശദപഠനത്തിനായി നിർദ്ദേശിക്കുന്നത്.

1. ഉണ്ണായി വാരിയർ - നളചരിതം രണ്ടാം ദിവസം
2. സി. ജെ. തോമസ് – ആ മനുഷ്യൻ നീ തന്നെ

അധികവായനയ്ക്ക് നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ:
അയ്യനം കൃഷ്ണക്കൈമൾ- ആട്ടക്കഥാസാഹിത്യം
ജി.ശങ്കരപിള്ള- മലയാളനാടകസാഹിത്യചരിത്രം

# MODERN INDIAN LANGUAGE (MALAYALAM)
# for B.Com and B.Sc Computer Science, BCA students

6 Lecture hours per week, 3 Credits. The course comprise of 2 papers spread over 2 semesters and the total credits shall be 6.

## Semester 1

### MIL-1 (LMAL) മലയാളചെറുകഥ

സമകാലികമലയാളസാഹിത്യത്തിലെ വിവിധ പ്രവണതകൾ പരിചയപ്പെടുത്തുക, സാഹിത്യാസ്വാദനം പരിശീലിപ്പിക്കുക എന്നിവയാണ് പഠനോദ്ദേശ്യം.

നിർദ്ദേശിക്കപ്പെട്ട രചനകളെല്ലാം വിശദപഠനത്തിനായുള്ളതാണ്. പത്തുകഥകൾ വിശദപഠനത്തിനായി നിർദ്ദേശിക്കുന്നു.

1. കാരൂർ നീലകണ്ഠപിള്ള- മരപ്പാവകൾ
2. വൈക്കം മുഹമ്മദ് ബഷീർ - പൂവമ്പഴം
3. ഉറൂബ്- വെളുത്തകുട്ടി
4. പൊറ്റെക്കാട് – അന്തകന്റെ തോട്ടി
5. എം. ടി. വാസുദേവൻനായർ - കറുത്തചന്ദ്രൻ
6. ടി. പത്മനാഭൻ -നിധിചാല സുഖമാ
7. ഒ. വി. വിജയൻ - ഒരു യുദ്ധത്തിന്റെ അവസാനം
8. മാധവിക്കുട്ടി – ദൃക്സാക്ഷി
9. കോവിലൻ - ഒരിക്കൽ മനുഷ്യനായിരുന്നു
10. ജോൺ അബ്രഹാം – കോട്ടയത്ത് എത്ര മത്തായിമാരുണ്ട്

അധികവായനയ്ക്ക് :
എം. അച്യുതൻ- ചെറുകഥ ഇന്നലെ ഇന്ന്
എം.എം.ബഷീർ- മലയാളചെറുകഥാസാഹിത്യചരിത്രം രണ്ട് വാല്യങ്ങൾ

## Semester 2

### MIL-2 (LMAL)ആധുനികകവിത

ആധുനികകവിത മലയാളസാഹിത്യത്തിൽ ഉണ്ടാക്കിയ ഭാവുകത്വപരിണാമം മനസ്സിലാക്കുകയും സമകാലികസാഹിത്യം ഗ്രഹിക്കുവാനുള്ള പ്രാപ്തി കൈവരിക്കുകയും ചെയ്യുകയാണ് ഉദ്ദേശ്യം. പത്ത് കവികളുടെ ഓരോ രചനകൾവീതം വിശദപഠനത്തിനായി നിർദ്ദേശിക്കുന്നു.

| | |
|---|---|
| എം. ഗോവിന്ദൻ - | ഇടശ്ശേരി നിനവിൽ വരുമ്പോൾ |
| സച്ചിദാനന്ദൻ - | സത്യവാങ്മൂലം |
| കടമ്മനിട്ട രാമകൃഷ്ണൻ - | ശാന്ത |
| ആറ്റൂർ രവിവർമ്മ - | സംക്രമണം |
| കെ.ജി.ശങ്കരപിള്ള – | കൊച്ചിയിലെ വൃക്ഷങ്ങൾ |
| ബാലചന്ദ്രൻ ചുള്ളിക്കാട് - | മാപ്പുസാക്ഷി |
| റഫീക്ക് അഹമ്മദ് – | തോരാമഴ |

വി.എം.ഗിരിജ – തച്ചൻ മകളോട്
കുഴൂർ വിത്സൻ - ഇടം
എസ്.ജോസഫ് – മീൻകാരൻ

അധികവായനയ്ക്ക് :
മലയാള കവിതാസാഹിത്യചരിത്രം- ഡോ.എം.ലീലാവതി

## Semester 3

## MIL-3 (LMAL) സമകാലിക ഗദ്യവ്യഹാരങ്ങൾ

സർഗ്ഗസാഹിത്യത്തിന് പുറമെ മലയാളത്തിൽ വൈവിദ്ധ്യപൂർണ്ണമായ രചനാലോകം നിലവിലുണ്ട്. വിഷയത്തിലും സമീപനത്തിലും പ്രതിപാദനരീതിയിലും അവ പുലർത്തുന്ന വൈവിദ്ധ്യം മനസ്സിലാക്കുകയാണ് പഠനോദ്ദേശ്യം. പത്ത് ലേഖനങ്ങളാണ് വിശദപഠനത്തിനായി നിർദ്ദേശിക്കുന്നത്.

1. എൻ. എ. നസീർ -കാടിനെ ചെന്ന് തൊടുമ്പോൾ ( ഈ ലേഖനം മാത്രം)
2. വി. മുസഫർ അഹമ്മദ് - കുടിയേറ്റക്കാരന്റെ വീട് ( ഈ ലേഖനം മാത്രം)
3. കല്പറ്റ നാരായണൻ - എന്തൊരു പൂതമാണീ മഹാബലി, ഏതിലയും മധുരിക്കുന്ന കാടുകൾ.
4. ടി. കെ. അനിൽകുമാർ - കറുപ്പിന്റെ സൌന്ദര്യം -കവിതയിലെ കീഴാളമുഖം, മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം, കേരള സാഹിത്യഅക്കാദമി,2004.
5. മൈന ഉമൈബാൻ - ആത്മദംശനം, ആത്മദംശനം, മാതൃഭൂമി.( ഈ ലേഖനം മാത്രം)
6. വിജയകുമാർ മേനോൻ- എം.വി. ദേവനും ആധുനികതയും, എം.വി.ദേവൻ കല, കാലം, കലാപം., എഡി. കെ.എൻ.ഷാജി.
7. കലാമണ്ഡലം ഹൈദരലി- കഥകളിസംഗീതം, ഓർത്താൽ വിസ്മയം, പ്രണത ബുക്സ്, 2004.
8. വി.ടി. മുരളി – മലയാളസംഗീതത്തിലെ രാഘവത്വം, കെ.രാഘവൻ ഒരു സംഗീതവിചാരം, പൂർണ്ണ 2012.
9. കെ.ആർ.വിനയൻ -ആൺകുട്ടിയും പെൺകുട്ടിയും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 23 ഡിസംബർ 2103.
10. ശ്രീജിത്ത് പെരുംതച്ചൻ - അവരെ വെറുതെ വിടുക (അവരെ വെറുതെ വിടുക എന്ന സമാഹാരത്തിലെ ഈ ലേഖനം മാത്രം)

## Semester 4

## MIL-4 (LMAL)ദൃശ്യകലയും സാഹിത്യവും

1. നാടകം– മാസ്ക് അഥവാ അനുമോദനങ്ങൾകൊണ്ട് എങ്ങനെ വിശപ്പടക്കാം – സതീഷ് കെ സതീഷ്
2. തിരക്കഥ – വിധേയൻ - അടൂർ ഗോപാലകൃഷ്ണൻ

## Pondicherry University
## Board of Studies in Malayalam

# DICIPLINE SPECIFIC CORE COURSES

## 1. DSC – 1A –ആധുനികകവിത (കാല്പനികത മുതൽ 60കൾ വരെ)

മലയാളകവിതയിലെ കാല്പനികതയുടെ പ്രാരംഭം, അത് സൃഷ്ടിച്ച പുതിയഭാവുകത്വം, ആധുനികത, പരമ്പരാഗതമായ മൂല്യബോധത്തിൽനിന്ന് ആധുനികതയിലേക്കുള്ള പരിണാമത്തെ പ്രതിനിധാനം ചെയ്യുന്ന മലയാളകവിത, കാല്പനികതയ്ക്കപ്പുറം കവിതയിൽ ഉണ്ടായ വളർച്ച എന്നിവയെക്കുറിച്ചുള്ള പഠനമാണ് ഉദ്ദേശ്യം. എട്ട് കവികളുടെ രചനകൾ വിശദപഠനത്തിനായി നിർദ്ദേശിക്കുന്നു.

യൂനിറ്റ് 1. ഒരു വിലാപം – വി. സി. ബാലകൃഷ്ണപണിക്കർ
യൂനിറ്റ് 2. ശിഷ്യനും മകനും -വള്ളത്തോൾ
യൂനിറ്റ് 3. 1.മനസ്വിനി – ചങ്ങമ്പുഴ കൃഷ്ണപിള്ള
3.2. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം – അക്കിത്തം അച്യുതൻ നമ്പൂതിരി
യൂനിറ്റ് 4.1. കുറ്റിപ്പുറംപാലം – ഇടശ്ശേരി ഗോവിന്ദൻ നായർ
4.2. കണ്ണീർപ്പാടം – വൈലോപ്പിള്ളി ശ്രീധരമേനോൻ
യൂനിറ്റ് 5. 1. പകലുകൾ, രാത്രികൾ - അയ്യപ്പപണിക്കർ
5.2. ആയിരത്തി തൊള്ളായിരത്തി അറുപത്തിമൂന്ന് – എൻ.എൻ. കക്കാട്

റഫറൻസ്:

1. കൈരളിയുടെ കഥ – എൻ. കൃഷ്ണപിള്ള
2. മലയാള കവിതാസാഹിത്യചരിത്രം – ഡോ. എം. ലീലാവതി

## DSC – 2A –ചെറുകഥാസാഹിത്യം

മലയാള ചെറുകഥയുടെ പ്രാരംഭംമുതൽ വർത്തമാനകാലംവരെയുള്ള വളർച്ചയും ഭാവുകത്വപരിണാമവും പഠനവിധേയമാക്കുകയാണ് പഠനോദ്ദേശ്യം.പത്ത് കഥാകൃത്തുക്കളുടെ രചനകൾ വിശപഠനത്തിനായി നിർദ്ദേശിക്കുന്നു. രണ്ട് കഥകൾ ഉൾക്കൊള്ളുന്ന അഞ്ച് യൂനിറ്റുകൾ.

| | |
|---|---|
| 1.വാസനാവികൃതി | വേങ്ങയിൽ കുഞ്ഞിരാമൻനായനാർ |
| 2. ജന്മദിനം | വൈക്കം മുഹമ്മദ് ബഷീർ |
| 3. മരപ്പാവകൾ | കാരൂർ നീലകണ്ഠപിള്ള |
| 4. മോഡൽ | പൊൻകുന്നം വർക്കി |
| 5. കോലാട് | മാധവിക്കുട്ടി |
| 6. മകൻ | കോവിലൻ |
| 7. കള്ളൻ | എം. പി. നാരായണപിള്ള |
| 8. അമ്മ എന്നോട് പറഞ്ഞ നുണകൾ | അഷിത |
| 9. സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം | ഇ. സന്തോഷ് കുമാർ |
| 10. എലിവാണം | ജി. ആർ. ഇന്ദുഗോപൻ |

റഫറൻസ് :

ചെറുകഥ ഇന്നലെ ഇന്ന് – എം. അച്യുതൻ
മലയാള ചെറുകഥാസാഹിത്യചരിത്രം – ഡോ. എം. എം. ബഷീർ

## DSC- 1B– നോവൽസാഹിത്യം

മലയാളത്തിലെ നോവൽസാഹിത്യത്തിന്റെ പ്രാരംഭം മുതൽ വർത്തമാനകാലംവരെ പഠനവിധേയമാക്കുകയാണ് ഉദ്ദേശ്യം. നോവൽചരിത്രത്തിലെ വ്യത്യസ്തധാരകൾ, പ്രവണതകൾ, പ്രസ്ഥാനങ്ങൾ എന്നിവ മനസ്സിലാക്കുക, പ്രാതിനിധ്യസ്വഭാവമുള്ള രചനകൾ പരിചയപ്പെടുക എന്നിവ ഈ പഠനത്തിന്റെ ഭാഗമാവണം.

ചുവടെ പറയുന്ന പുസ്തകങ്ങൾ വിശദപഠനത്തിനായി നിർദ്ദേശിക്കുന്നു.

1. ഇന്ദുലേഖ — ഒ. ചന്തുമേനോൻ
2. രണ്ടിടങ്ങഴി — തകഴി ശിവശങ്കരപിള്ള
3. നാലുകെട്ട് — എം.ടി. വാസുദേവൻനായർ
4. ദൈവത്തിന്റെ വികൃതികൾ — എം. മുകുന്ദൻ
5. ആ മരത്തെയും മറന്നു മറന്നു ഞാൻ — കെ. ആർ. മീര

റഫറൻസ് :

നോവൽസാഹിത്യം – എം. പി. പോൾ

മലയാള നോവൽസാഹിത്യചരിത്രം – കെ. എം. തരകൻ

മാറുന്ന മലയാളനോവൽ - കെ. പി. അപ്പൻ

അന്ധനായ ദൈവം – പി. കെ.രാജശേഖരൻ

## DSC- 2B– സമകാലികകവിത

മലയാളകവിതയിലെ ആധുനികാനന്തരപ്രവണതകൾ പരിചയപ്പെടുത്തുകയാണ് ഉദ്ദേശ്യം. വിവിധ പ്രവണതകളെ പ്രതിനിധാനംചെയ്യുന്ന പത്ത് രചനകൾ വിശദപഠനത്തിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

1. യൂനിറ്റ് 1- കോമ - മനോജ് കുറൂർ
   യൂനിറ്റ് 2. 1.മൃഗശിക്ഷകൻ - വിജയലക്ഷ്മി
   2.2.ആര്യാവർത്തത്തിൽ ഒരു യക്ഷൻ - അൻവർ അലി
   യൂനിറ്റ് 3.1. ഐസ്ക്യൂബുകൾ – ഡോണ മയൂര
   3.2.കൊയ്ത്തുയന്ത്രങ്ങൾ - നിരഞ്ജൻ
   യൂനിറ്റ് 4.1. മലയാളകവിതയ്ക്ക് ഒരു കത്ത് – എസ്. ജോസഫ്
   4.2. ചീനിക്കിഴങ്ങ് മാന്തുന്നവർ - എം. ബി. മനോജ്
   യൂനിറ്റ് 5.1. സംസ്കാരം – കെ. ആർ. ടോണി
   5.2.ധർമ്മപുത്രൻ - ടി. പി. രാജീവൻ

റഫറൻസ്: മലയാള കവിതാസാഹിത്യചരിത്രം – ഡോ. എം. ലീലാവതി

## DSC – 1C– പ്രാചീന-മദ്ധ്യകാലസാഹിത്യം

മലയാളത്തിലെ പ്രാചീന-മദ്ധ്യകാലസാഹിത്യത്തിന്റെ സ്വഭാവസവിശേഷതകൾ പരിചയിക്കുകയാണ് ഉദ്ദേശ്യം. വിശദപഠനത്തിനായി ചുവടെ ചേർത്തവ നിർദ്ദേശിക്കുന്നു.

യൂനിറ്റ് 1..1. രാമചരിതം പടലം ഒന്ന്
1.2.കണ്ണശ്ശരാമായണം – ബാലകാണ്ഡത്തിലെ ആദ്യത്തെ 15 പാട്ടുകൾ

യൂനിറ്റ് 2. കൃഷ്ണഗാഥ – പൂതനാമോക്ഷം
യൂനിറ്റ് 3. അദ്ധ്യാത്മരാമായണം – ബാലകാണ്ഡം
യൂനിറ്റ് 4.സഭാപ്രവേശം – കുഞ്ചൻ നമ്പ്യാർ
യൂനിറ്റ് 5.1.ജ്ഞാനപ്പാന – പൂന്താനം
5.2. വർത്തമാനപ്പുസ്തകം, ആദ്യത്തെ രണ്ട് പദങ്ങൾ – പാറേമാക്കൽ തോമാ കത്തനാർ

റഫറൻസ്
സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ – എഡി. കെ.എം. ജോർജ്ജ്
കൈരളിയുടെ കഥ – എൻ. കൃഷ്ണപിള്ള

## DSC – 2C- നിരൂപണസാഹിത്യം

മലയാളസാഹിത്യനിരൂപണത്തിന്റെ പ്രാരംഭം മുതൽ വർത്തമാനകാലംവരെ ഉൾക്കൊള്ളുന്നതാണ് പഠനമേഖല. ഓരോ നിരൂപകനെയും പ്രതിനിധാനം ചെയ്യുന്നവ എന്ന നിലയിലാണ് ലേഖനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എല്ലാ ലേഖനങ്ങളും വിശദപഠനത്തിന്.

യൂനിറ്റ് 1. 1. ഗ്രന്ഥവിവേചനം - സി.പി.അച്യുതമേനോൻ
1.2.വിരുതൻ ശങ്കു - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
1.3. കവിതയും പദ്യവും – സി. അന്തപ്പായി
യൂനിറ്റ് 2.1.മൃച്ഛകടികം ഒരപവാദം- ജോസഫ് മുണ്ടശ്ശേരി
1.2. മുണ്ടക്കൽ സന്ദേശം ഒരു മുഴുത്ത ചിരി – കുട്ടിക്കൃഷ്ണമാരാര്
1.3. രൂപഭദ്രത - എം.പി. പോൾ
യൂനിറ്റ് 3. 1.ചങ്ങമ്പുഴയുടെ തത്വശാസ്ത്രം – കേസരി എ ബാലകൃഷ്ണപിള്ള
3. 2. വിശ്വദർശനം - എം. പി. ശങ്കുണ്ണിനായർ
3.3. നഭസ്സിൽ നിന്ന് നീഡത്തിലേക്ക് – ഡോ.എം.ലീലാവതി
യൂനിറ്റ് 4.1. അവസ്ഥയും ആഖ്യാനവും – ഡോ. ആർ. വിശ്വനാഥൻ
4.2. തിരസ്കാരം – കെ. പി. അപ്പൻ
4.3. ആധുനികതയുടെ ചുവന്ന വാൽ - ആർ. നരേന്ദ്രപ്രസാദ്
യൂനിറ്റ് 5.1. ആധുനികോത്തരസാഹിത്യചിന്ത ഇന്ത്യൻ പശ്ചാത്തലത്തിൽ - ഡോ. സി. രാജേന്ദ്രൻ
5.2. കള്ളദൈവങ്ങൾ വിപരീതങ്ങളുടെ യോഗം – ഇ.പി.രാജഗോപാലൻ
5.3. നോവലിലെ സ്ഥലകാലസംയുക്തങ്ങൾ - ഡോ. ഇ.വി.രാമകൃഷ്ണൻ, അനുഭവങ്ങളെ ആർക്കാണ് പേടി,ഡിസി ബുക്സ്, 2012.

റഫറൻസ്
മലയാളസാഹിത്യവിമർശനം – ഡോ. സുകുമാർ അഴീക്കോട്

## DSC – 1D- സാഹിത്യസിദ്ധാന്തങ്ങൾ

ഭാരതീയവും പാശ്ചാത്യവുമായ സാഹിത്യസിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുകയാണ് ഈ പാഠ്യഭാഗത്തിൽ ചെയ്യുന്നത്. ഓരോ സിദ്ധാന്തവും രൂപപ്പെട്ട കാലം, അവയുടെ ദാർശനികതലം, സാഹിത്യവിമർശനത്തിൽ അവയ്ക്കുള്ള സ്ഥാനം എന്നിവയിലാണ് ഊന്നൽ.

യൂനിറ്റ് 1. ക്ലാസ്സിക്കൽ ഗ്രീക്ക് സാഹിത്യസിദ്ധാന്തപരിചയം. പ്ലാറ്റോവിന്റെ അനുകരണസിദ്ധാന്തം, കലാകാരന്മാർക്ക് റിപ്പബ്ലിക്കിൽ സ്ഥാനമില്ലെന്ന നിലപാട്, അരിസ്റ്റോട്ടിലിന്റെ മിമെസിസ്, ദുരന്തനാടകസങ്കല്പം, കഥാർസിസ്, ലോംഗിനസിന്റെ ഉദാത്തതാസമീക്ഷ.

യൂനിറ്റ് 2. പാശ്ചാത്യ കാല്പനികത – പൂർവ്വകാല്പനികത – നവക്ലാസ്സിസിസം, ദാന്തേ, കാല്പനികത – വേഡ്സ്‌വർത്ത്, കോൾറിഡ്ജ്, ഷെല്ലി - കാവ്യഭാഷയെപ്പറ്റി, ഇമാജിനേഷനും ഫാൻസിയും, കാല്പനികാനന്തരപ്രവണതകൾ - റിയലിസം, എക്സ്പ്രഷനിസം, ഇംപ്രഷനിസം, മോഡേണിസം.

യൂനിറ്റ് 3. ഭാരതീയകാവ്യചിന്ത – കാവ്യസ്വരൂപം, കാവ്യഹേതുക്കൾ, കാവ്യപ്രയോജനം. ഭാരതീയ സൌന്ദര്യശാസ്ത്രത്തിന്റെ ചരിത്രാവലോകനം, മുഖ്യകൃതികൾ, പ്രമുഖദാർശനികർ.

യൂനിറ്റ് 4.കാവ്യസൌന്ദര്യത്തെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങൾ - രസം, ധ്വനി, രീതി, ഗുണം, വക്രോക്തി, അലങ്കാരം, ഔചിത്യം, അനുമാനം എന്നിവ.

യൂനിറ്റ് 5. ദ്രാവിഡസൌന്ദര്യശാസ്ത്രം – തിണസങ്കല്പം, ഐന്തിണകൾ.

റഫറൻസ്

പാശ്ചാത്യസാഹിത്യദർശനം – എം. അച്യുതൻ
പാശ്ചാത്യസാഹിത്യതത്വശാസ്ത്രം – കെ. എം. തരകൻ
ഭാരതീയകാവ്യശാസ്ത്രം – ഡോ. ടി. ഭാസ്കരൻ
കാവ്യമീമാംസ – കെ. സുകുമാരപിള്ള
സൌന്ദര്യശാസ്ത്രം – ഡോ. സി. രാജേന്ദ്രൻ

## DSC – 2D– മലയാളനാടകം

മലയാളനാടകവേദിയുടെയും നാടകസാഹിത്യത്തിന്റെയും ഉല്പത്തി-വികാസപരിണാമങ്ങൾ മനസ്സിലാക്കുകയാണ് പഠനോദ്ദേശം. നിർദ്ദേശിക്കപ്പെട്ട പാഠ്യഭാഗങ്ങളെല്ലാം വിശദപഠനത്തിന് ഉള്ളവയാണ്.

യൂനിറ്റ് 1. അഭിജ്ഞാനശാകുന്തളം - 4, 5 അങ്കങ്ങൾ വിവ. എ.ആർ. രാജരാജവർമ്മ.

യൂനിറ്റ് 2. 1. പാട്ടബാക്കി – കെ. ദാമോദരൻ
2.2. ആ മനുഷ്യൻ നീ തന്നെ – സി. ജെ. തോമസ്

യൂനിറ്റ് 3. 1. ഭരതവാക്യം – ജി. ശങ്കരപിള്ള
3.2. ലങ്കാലക്ഷ്മി – സി. എൻ. ശ്രീകണ്ഠൻനായർ

യൂനിറ്റ് 4.1. സാക്ഷി – കാവാലം നാരായണപണിക്കർ
4.2. ആയഞ്ചേരി വല്യെശമാൻ - ടി. പി. സുകുമാരൻ

യൂനിറ്റ് 5.1. തലസ്ഥാനത്തുനിന്ന് ഒരു വാർത്തയുമില്ല – പി. എം. താജ് (ഈ ഒരു നാടകം മാത്രം)
5.2. അഞ്ചാം മുദ്ര - വി. കെ. പ്രഭാകരൻ (ഈ ഒരു നാടകം മാത്രം)
5.3. ഓരോരോ കാലത്തിലും - കെ. വി.ശ്രീജ (ഈ ഒരു നാടകം മാത്രം)

റഫറൻസ്

മലയാള നാടകസാഹിത്യചരിത്രം – ജി. ശങ്കരപിള്ള
മലയാള നാടകപ്രസ്ഥാനം – കാട്ടുമാടം നാരായണൻ
മലയാളനാടകവേദിയുടെ കഥ – മടവൂർ ഭാസി

# Pondicherry University
# Board of Studies in Malayalam
# DISCIPLINE SPECIFIC ELECTIVE

## DSE– 1A - പ്രാചീനകേരളം- ചരിത്രവും സംസ്കാരവും

കേരളത്തിന്റെ ചരിത്രം, സംസ്കാരം എന്നിവയുടെ വിവിധഘട്ടങ്ങൾ പരിചയിക്കുകയാണ് പഠനോദ്ദേശ്യം. സാംസ്കാരികചരിത്രത്തിനാണ് ഊന്നൽ. ജന്മിസമ്പ്രദായത്തിന്റെ കാലംവരെയുള്ള സാംസ്കാരിക പരിണാമങ്ങളാണ് പഠനവിഷയം. റഫറൻസിനപ്പുറമെ വായന ആവശ്യമാണ്.

യൂനിറ്റ് 1. കേരളചരിത്രരചനയുടെ ഉപാദാനങ്ങൾ - സംസ്കൃത-തമിഴ്-മണിപ്രവാളകൃതികൾ- ശിലാശാസനങ്ങൾ, ചെപ്പേടുകൾ, മഹാശിലാവശിഷ്ടങ്ങൾ, ഗുഹാചിത്രങ്ങൾ, നാണയങ്ങൾ, സഞ്ചാരികളുടെ കുറിപ്പുകൾ മുതലായവ.

യൂനിറ്റ് 2. സംഘകാലത്തെ കേരളം- കേരളത്തിലെ ജനത- ആദിമനിവാസികൾ, വിവിധ സിദ്ധാന്തങ്ങൾ, കുടിയേറ്റസിദ്ധാന്തം. സംഘംകൃതികളിൽ കാണുന്ന കേരളം - ചരിത്രം, സംസ്കാരം എന്നിവ. ഒന്നാം ചേര സമ്രാജ്യം.

യൂനിറ്റ് 3. ബ്രാഹ്മണാധിനിവേശം കേരളത്തിൽ. രണ്ടാം ചേരസമ്രാജ്യം. കുലശേഖരപരമ്പര, സാംസ്കാരികചരിത്രം- മതങ്ങൾ. ജൈന-ബൌദ്ധമതങ്ങൾ, ഇസ്ലാമിന്റെ കടന്നുവരവ്, ഭക്തിപ്രസ്ഥാനം, ശൈവ- വൈഷ്ണവപാരമ്പര്യം, ശങ്കരാചാര്യർ- അദ്വൈതദർശനം.

യൂനിറ്റ് 4. ജന്മിസമ്പ്രദായത്തിന്റെ കാലം. ജന്മിസമ്പ്രദായം, ദേവസ്വം, ബ്രഹ്മസ്വംഭൂമികൾ, ജന്മം, പാട്ടം, കുടിയായ്മ. ഉത്സവങ്ങൾ, ആഘോഷങ്ങൾ, ആചാരങ്ങൾ. കേരളത്തിന്റെ ചികിത്സാപാരമ്പര്യം. കളരിസമ്പ്രദായം.

യൂനിറ്റ് 5. കേരളത്തിലെ കലാരൂപങ്ങൾ - ക്ലാസ്സിക്കൽ കലകൾ- കൂടിയാട്ടം, കൂത്ത്, കഥകളി, തുള്ളൽ, പാഠകം മുതലായവ. നാടോടിക്കലാരൂപങ്ങൾ - തെയ്യം, തിറ, പടയണി മുതലായവ.

റഫറൻസ്


1. കേരളത്തിന്റെ സാംസ്കാരികചരിത്രം – പി. കെ. ഗോപാലകൃഷ്ണൻ
2. കേരളസംസ്കാരം – പ്രൊഫ.എം.ശ്രീധരമേനോൻ
3. കേരളചരിത്രം - പ്രൊഫ.എം.ശ്രീധരമേനോൻ
4. കേരളസംസ്കാരം – ഡോ.എം.എൻ.നമ്പൂതിരി
5. കേരളചരിത്രം – എം. ആർ. രാഘവവാര്യർ, രാജൻ ഗുരുക്കൾ


## DSE – 2A- ഭാഷാസാഹിത്യചരിത്രം - പ്രാചീനം

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ആവിർഭാവം മുതൽ പതിനെട്ടാംശതകം വരെയുള്ള ചരിത്രമാണ് പാഠ്യവിഷയം.

യൂനിറ്റ് 1. മലയാളം ഒരു ദ്രാവിഡഭാഷ എന്ന നിലയിൽ. മലയാളഭാഷയുടെ ഉല്പത്തിയെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങൾ - സംസ്കൃതജന്യവാദം, സ്വതന്ത്രമലയാളവാദം, ഉപശാഖാവാദം, മിശ്രഭാഷാസിദ്ധാന്തം, പൂർവ്വ-തമിഴ് മലയാളവാദം. മലയാളഭാഷയുടെ ഘട്ടവിഭജനം. കേരളപാണിനീയത്തിന്റെ പീഠിക.

യൂനിറ്റ് 2. പാട്ടുപ്രസ്ഥാനം – ദ്രാവിഡപ്രഭവം, ലീലാതിലകകാരന്റെ നിർവ്വചനം - രാമചരിതം, തിരുനിഴൽമാല, പയ്യന്നൂർപാട്ട്, നിരണംകൃതികൾ, രാമകഥപ്പാട്ട്, കൃഷ്ണഗാഥ എന്നിവ. തെക്കൻപാട്ടും വടക്കൻപാട്ടും. കെ.എം. ജോർജ്ജിന്റെ ശുദ്ധമലയാളശാഖ.

യൂനിറ്റ് 3. മണിപ്രവാളം – ലീലാതിലകം എന്ന ലക്ഷണഗ്രന്ഥം, ആദ്യകാലമണിപ്രവാളം – പ്രാചീന ചമ്പുക്കൾ, ലഘുകാവ്യങ്ങൾ, സന്ദേശകാവ്യങ്ങൾ. മദ്ധ്യകാലമണിപ്രവാളം – മദ്ധ്യകാലചമ്പുക്കൾ.

യൂനിറ്റ് 4. കിളിപ്പാട്ട് – കിളിപ്പാട്ടിന്റെ ദ്രാവിഡപ്രഭവം, തുഞ്ചത്ത് എഴുത്തച്ഛൻ, തുള്ളൽ - ജനകീയകലാപ്രസ്ഥാനം – കുഞ്ചൻനമ്പ്യാർ, ആട്ടക്കഥകൾ - ഉണ്ണായിവാര്യർ, കോട്ടയത്ത് തമ്പുരാൻ തുടങ്ങിയവർ.

യൂനിറ്റ് 5 പ്രാചീനഗദ്യം – ബ്രഹ്മാണ്ഡപുരാണം, ഭാഷാകൌടലീയം, ചമ്പൂഗദ്യം, പാഠകം, ശാസനഭാഷ.

റഫറൻസ്:

സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ – ഡോ.കെ.എം.ജോർജ്ജ്
കൈരളിയുടെ കഥ – എൻ. കൃഷ്ണപിള്ള
മലയാള കവിതാസാഹിത്യചരിത്രം - ഡോ.എം. ലീലാവതി

## DSE – 3A-1– മലയാളവ്യാകരണം

യൂനിറ്റ് 1. സന്ധി, ശബ്ദം, പ്രകൃതി, പ്രത്യയം എന്നിവ കേരളപാണിനീയത്തിൽ.

യൂനിറ്റ് 2. നാമം, ലിംഗം, വചനം എന്നിവ കേരളപാണിനീയത്തിൽ.

യൂനിറ്റ് 3. വിഭക്തി, വിഭക്ത്യാഭാസം, കാരകം, തദ്ധിതം എന്നിവ കേരളപാണിനീയത്തിൽ.

യൂനിറ്റ് 4. ധാതു, കാലം, പ്രകാരം, പ്രയോഗം, നാമധാതു, ഖിലധാതു എന്നിവ കേരളപാണിനീയത്തിൽ.

യൂനിറ്റ് 5. ലീലാതിലകത്തിലെ വ്യാകരണം - മണിപ്രവാളഭാഷ, ക്രന്തൽവാദം, ലിംഗം, വചനം, വിഭക്തി, സന്ധി.

റഫറൻസ്:

1. കേരളപാണിനീയം - എ. ആർ. രാജരാജവർമ്മ
2. ലീലാതിലകം - 1 , 2, 3 ശില്പങ്ങൾ
3. മലയാളഭാഷാവ്യാകരണം- പ്രൊഫ. ഇ. വി. എൻ. നമ്പൂതിരി.

## DSE – 3A-2 – സംസ്കാരപഠനത്തിന് ഒരു ആമുഖം

സംസ്കാരപഠനത്തിന്റെ മേഖലയിൽ നടക്കുന്ന സമകാലികപ്രവർത്തനങ്ങൾ തിരിച്ചറിയാനും ഗ്രഹിക്കുവാനുമുള്ള പ്രാപ്തി നേടുകയാണ് പഠനോദ്ദേശ്യം. വൈദേശികകൃതികളുടെ സാമാന്യപരിചയമാണ് ഉദ്ദേശിക്കുന്നത്. മലയാളത്തിലെ കൃതികൾ പ്രത്യേകശ്രദ്ധ ആവശ്യപ്പെടുന്നു.

യൂനിറ്റ് 1. സംസ്കാരം - പുനർനിർവ്വചനം - പ്രകൃതി എന്നതിന്റെ വിപരീതം – മനുഷ്യനിർമ്മിതം - സംസ്കരിക്കപ്പെടൽ - മൂല്യാധിഷ്ഠിതവിധിപ്രസ്താവങ്ങൾ അന്തർനിഹിതം.

യൂനിറ്റ് 2. സംസ്കാരപഠനമേഖലയിലെ പ്രമുഖചിന്തകർ - ഇ.പി.തോംസൺ, സ്റ്റുവർട്ട് ഹാൾ, റെയ്മണ്ട് വില്യംസ് – പ്രധാനവാദഗതികൾ - മാത്യു ആർനോൾഡ്, എഫ്. ആർ. ലിവീസ് തുടങ്ങിയവരുടെ സംസ്കാരസങ്കല്പവും അതിന്റെ എതിർദിശയിലുള്ള സംസ്കാരപഠനത്തിന്റെ സമീപനവും. റെയ്മണ്ട് വില്യംസിന്റെ കൾചർ ആന്റ് സൊസൈറ്റി, കീ വേഡ്സ് എന്നിവയുടെ പരിചയം, ടെറി ഈഗിൾ

ട്ടൺന്റെ നവീനസമീപനങ്ങൾ - ദേശീയതാപഠനവുമായി സംസ്കാരപഠനം കൈകോർക്കുന്നു. ഈഗിൾട്ടണിന്റെ ഐഡിയ ഓഫ് കൾചർ, കൾചർ എന്നീ ഗ്രന്ഥങ്ങൾ.

യൂനിറ്റ് 3. സംസ്കാരവിമർശനവും സംസ്കാരപഠനവും തമ്മിലുള്ള രൂപമാതൃകാപരമായ വ്യതിയാനം – സംസ്കാരം എന്നത് സാധാരണമാണ് – അതൊരു സമഗ്രജീവിതശൈലിയാണ് - സംസ്കാരപഠനത്തിൽ അന്റോണിയോ ഗ്രാംചി, ലൂയി അൽത്തുസർ, റൊളാങ് ബാർത് എന്നിവരുടെ ചിന്തകൾ ചെലുത്തിയ സ്വാധീനം.

യൂനിറ്റ് 4. സംസ്കാരവും പ്രത്യയശാസ്ത്രവും – ജനപ്രിയസംസ്കാരപഠനങ്ങൾ - അന്റോണിയോ ഗ്രാംചി – വാൾട്ടർ ബെഞ്ചമിൻ, ഫ്രാങ്ക്ഫർട്ട് സ്കൂൾ ചിന്തകർ, ആധുനികാനന്തരചിന്തകർ.

യൂനിറ്റ് 5. സംസ്കാരപഠനത്തിന്റെ കേരളീയപ്രയോഗങ്ങൾ - കുട്ടിക്കൃഷ്ണമാരാരുടെ വിമർശനിർവ്വചനം, ഡോ.ടി.പി.സുകുമാരന്റെ വിമർശനസമീപനങ്ങൾ, ഡോ.ആർ.വിശ്വനാഥന്റെ സംഭാവനകൾ - എഴുത്തിന്റെയും വായനയുടെയും രാഷ്ട്രീയത്തെക്കുറിച്ച് സച്ചിദാനന്ദൻ, ബി. രാജീവൻ എന്നിവരുടെ ചിന്തകൾ - സംസ്കാരസമരത്തിന്റെ ഭാഗമെന്ന നിലയിൽ ഫലിതവും വിമർശനവും – ചിരിയുടെ പ്രത്യയശാസ്ത്രം.

റഫറൻസ്

Culture and Society –Raymond Williams
Keywords – Raymond Williams
The Idea of Culture – Terry Eagleton
Key Concepts in Cultural Theory – (Ed.) Andrew Edgar & Peter Sedgewick
A Dictionary of Marxist Thought – (Ed.) Tom Bottomore.
സംസ്കാരപഠനത്തിന് ഒരു ആമുഖം – പി. പി. രവീന്ദ്രൻ
സംസ്കാരത്തിന്റെ രാഷ്ട്രീയം – സച്ചിദാനന്ദൻ
സംസ്കാരവും വിമർശനവും – എസ്.എസ്.ശ്രീകുമാർ
ജനനിബിഡമായ ദന്തഗോപുരം – ബി.രാജീവൻ
അവസ്ഥയും ആഖ്യാനവും – ഡോ. ആർ.വിശ്വനാഥൻ
നല്ലവനായ കാട്ടാളൻ - ഡോ. ടി. പി.സുകുമാരൻ

## DSE – 1B- ആധുനികകേരളം - ചരിത്രവും സംസ്കാരവും

കുലശേഖരസാമ്രാജ്യത്തിന്റെ പതനം മുതൽ ഐക്യകേരളംവരെയുള്ള കേരളചരിത്രവും സംസ്കാരവുമാണ് പാഠ്യവിഷയം. ചരിത്രസംഭവങ്ങൾക്കും അവയുടെ സാംസ്കാരികഫലത്തിനും തുല്യപരിഗണന. റഫറൻസിൽ നിർദ്ദേശിച്ച പുസ്തകങ്ങൾക്കുപുറമെ വായന ആവശ്യമാണ്.

യൂനിറ്റ് 1. രണ്ടാം ചേരസാമ്രാജ്യത്തിന്റെ പതനം, മൂന്ന് പ്രബലകോയ്മകളുടെ ആവിർഭാവം – വേണാട്, പെരുമ്പടപ്പ്, നെടിയിരിപ്പ്. അത്യുത്തരകേരളം-കോലത്തിരിയും ആലിരാജവംശവും. സാമൂഹികരാഷ്ട്രീയാവസ്ഥ. ചാവേർ, മാമാങ്കം, രേവതി പട്ടത്താനം, കടവല്ലൂർ അന്യോന്യം. ശിക്ഷാവിധികൾ - ശുചീന്ദ്രം കൈമുക്ക്, ഫണികുംഭപരീക്ഷ തുടങ്ങിയവ. തൃപ്പടിദാനം.

യൂനിറ്റ് 2. വൈദേശികാധിനിവേശം – ഡച്ചുകാർ, പോർച്ചുഗീസുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ. മയ്യഴിയുടെ ആവിർഭാവം. ഉദയംപേരൂർ സുനഹദോസ്, കൂനൻകുരിശ് കലാപം. പ്രകൃതി, ചികിത്സ അച്ചടി എന്നീ മേഖലകളിലെ സംഭാവനകൾ. വൈദേശികാധിപത്യത്തിന്റെ സാംസ്കാരികഫലങ്ങൾ - മതം, വിദ്യാഭ്യാസം, ആനുകാലികങ്ങൾ.

യൂനിറ്റ് 3. വൈദേശികാധിപത്യത്തിനെതിരെയുള്ള പ്രതിരോധം – കുഞ്ഞാലിമരയ്ക്കാർ, അഞ്ചുതെങ്ങ് കലാപം, പഴശ്ശിരാജ, വേലുത്തമ്പിദളവ, പാലിയത്തച്ചൻ. ഹൈദരലി, ടിപ്പുസുൽത്താൻ എന്നിവരുടെ മലബാർ ആക്രമണം.

യൂനിറ്റ് 4. സാംസ്കാരികനവോത്ഥാനം കേരളത്തിൽ - മിഷനറിമാരുടെ പ്രവർത്തനം കേരളീയസമൂഹ ത്തിൽ സൃഷ്ടിച്ച പരിവർത്തനം,ആത്മീയാചാര്യന്മാരുടെ പ്രവർത്തനങ്ങൾ - വൈകുണ്ഠസ്വാമി, അയ്യാവുസ്വാമി, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, ബ്രഹ്മാനന്ദശിവയോഗി, വാഗ്ഭടാനന്ദൻ, ആനന്ദതീർത്ഥൻ. സാമൂഹികസംഘടനകൾ - ശ്രീനാരായണ ധർമ്മപരിപാലനയോഗം, സാധുജനപരി പാലനസംഘം തടങ്ങിയ സാമുദായികനവോത്ഥാനസംഘടനകൾ. പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ, വി. ടി ഭട്ടതിരിപ്പാട്, വക്കം മൌലവി മുതലായവർ.

യൂനിറ്റ് 5. ആധുനികകേരളത്തിന്റെ സൃഷ്ടി – മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, നിവർത്തനപ്രക്ഷോഭം, ഉത്തരവാദപ്രക്ഷോഭം, വൈക്കം സത്യാഗ്രഹം, ക്ഷേത്രപ്രവേശനവിളംബരം, ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവം, ഐക്യകേരളപ്രസ്ഥാനം, കേരളപ്പിറവി. ഫ്രഞ്ചിന്ത്യൻ വിമോചനപ്രസ്ഥാനവും മയ്യഴിവിമോചനവും.

റഫറൻസ്

കേരളത്തിന്റെ സാംസ്കാരികചരിത്രം – പി.കെ.ഗോപാലകൃഷ്ണൻ
കേരളചരിത്രം – രാഘവവാര്യർ, രാജൻഗുരുക്കൾ
കേരളസസ്കാരം – എം.ശ്രീധരമേനോൻ
കേരളസംസ്കാരം – ഡോ.എൻ.എം.നമ്പൂതിരി
മയ്യഴി – സി.എച്ച്. ഗംഗാധരൻ

## DSE- 2B- ഭാഷാസാഹിത്യചരിത്രം –ആധുനികം

കാല്പനികതാപൂർവ്വഘട്ടം മുതൽ ആധുനികാനന്തരഘട്ടം വരെയുള്ള മലയാളസാഹിത്യചരിത്രമാണ് പാഠ്യവിഷയം. റഫറൻസിൽ നല്കിയ പുസ്തകങ്ങൾക്ക പുറമെ വായന ആവശ്യമാണ്.

യൂനിറ്റ് 1. കാല്പനികതാപൂർവ്വപ്രവണതകൾ കവിതയിൽ - വെണ്മണിപ്രസ്ഥാനം, പച്ചമലയാള പ്രസ്ഥാനം എന്നിവ. കൊടുങ്ങല്ലൂർ കളരി, ആദ്യകാലസാഹിത്യസംഘടനകൾ എന്നിവ. പ്രാസവാദം. മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും.

യൂനിറ്റ് 2. ആധുനികമലയാളഗദ്യത്തിന്റെ ആവിർഭാവം – മിഷനറിമാരുടെ സംഭാവനകൾ - നിഘണ്ടുക്കൾ, വ്യാകരണകൃതികൾ, ആനുകാലികങ്ങളുടെ പ്രസിദ്ധീകരണം. നോവൽ, ചെറുകഥ, നാടകം, സാഹിത്യവിമർശനം, ജീവചരിത്രം, യാത്രാവിവരണം തുടങ്ങിയ ആധുനികസാഹിത്യ രൂപങ്ങളുടെ ആവിർഭാവം.

യൂനിറ്റ് 3. കാല്പനികത മലയാളകവിതയിൽ - വി.സി.ബാലകൃഷ്ണപണിക്കർ, കവിത്രയം, ഇടപ്പള്ളി പ്രസ്ഥാനം, പി. കുഞ്ഞിരാമൻനായർ, മിസ്റ്റിസിസം - ജി. ശങ്കരക്കുറുപ്പ്. കാല്പനികതയ്ക്കപ്പുറം – ഇട ശ്ശേരി, എൻ.വി.കൃഷ്ണവാര്യർ, വൈലോപ്പിള്ളി മുതലായവർ.

യൂനിറ്റ് 4. നവോത്ഥാനകാലം എന്ന സങ്കല്പം – പുരോഗമനസാഹിത്യപ്രസ്ഥാനം, കേസരി ബാലകൃഷ്ണ പിള്ള. സർഗ്ഗരചയിതാക്കൾ - തകഴി, ദേവ്, ബഷീർ, പൊൻകുന്നം വർക്കി, പൊറ്റെക്കാട്, ഉറൂബ് തുടങ്ങിയവർ. ഇബ്സനിസ്റ്റ് പ്രസ്ഥാനം മലയാളനാടകത്തിൽ - എൻ.കൃഷ്ണപിള്ള, കുട്ടനാട് രാമകൃഷ്ണപിള്ള.

യൂനിറ്റ് 5. ആധുനികതയും ആധുനികാനന്തരതയും. ആധുനികത കവിത, ചെറുകഥ, നോവൽ, നാടകം എന്നിവയിൽ. ആധുനികാനന്തരം എന്ന സങ്കല്പനം. വി.സി.ശ്രീജന്റെ വിപ്രതിപത്തികൾ.

റഫറൻസ്

മലയാള കവിതാസാഹിത്യചരിത്രം – ഡോ.എം. ലീലാവതി
മലയാള നോവൽസാഹിത്യചരിത്രം – കെ.എം.തരകൻ
മലയാള ചെറുകഥാസാഹിത്യചരിത്രം – ഡോ.എം.എം.ബഷീർ
ചെറുകഥ ഇന്നലെ ഇന്ന് – എം.അച്യുതൻ
എന്താണ് ആധുനികത – എം.മുകുന്ദൻ
ഉത്തരാധുനികത – കെ.പി.അപ്പൻ
ആധുനികോത്തരം വികലനവും വിശകലനവും - വി. സി.ശ്രീജൻ

## DSE – 3B- സ്ത്രീവാദവും സാഹിത്യവും

സ്ത്രീവാദത്തിന്റെ സ്വാധീനം സാഹിത്യത്തിൽ എപ്രകാരം പ്രകടമാവുന്നുവെന്നതിനെക്കുറിച്ചുള്ള ധാരണ രൂപപ്പെടുത്തുകയാണ് പാഠോദ്ദേശ്യം. ആശയങ്ങളുടെ സാമാന്യപരിചയമാണ് ഉദ്ദേശിച്ചിട്ടുള്ളത്. വൈദേശികകൃതികളുടെ വിശദപഠനം ഉദ്ദേശിക്കുന്നില്ല. അഞ്ചാമത്തെ യൂനിറ്റിൽ നല്കിയ മലയാള ത്തിലെ സംഭാവനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

യൂനിറ്റ് 1- സ്ത്രീവാദപ്രസ്ഥാനങ്ങൾക്കു മുമ്പ് സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി ഉയർന്നുവന്ന വാദങ്ങൾ - മേരി വോൾസ്റ്റോൺക്രാഫ്റ്റ് – എ വിന്റിക്കേഷൻ ഓഫ് ദ റൈറ്റ്സ് ഓഫ് വിമൻ - ജോൺ സ്റ്റുവർട്ട് മില്ലിന്റെ ദ സബ്ജക്ക്ഷൻ ഓഫ് വിമൻ - കെയ്റ്റ് മില്ലറ്റിന്റെ വിമൻ ഇൻ നൈന്റീൻത് സെൻച്വറി.

യൂനിറ്റ് 2. സ്ത്രീവാദസിദ്ധാന്തങ്ങളും സ്ത്രീവാദത്തിലെ അവാന്തരവിഭാഗങ്ങളും – ലിബറൽ, സോഷ്യലിസ്റ്റ്, റാഡിക്കൽ, ലെസ്ബിയൻ, ട്രാൻസ്ജെന്റർ അവകാശങ്ങൾക്കായുള്ള പ്രവർത്തനം – ആത്മബോധ മുള്ള ഒരു സാഹിത്യസമീപനമെന്ന നിലയിൽ ഫെമിനിസത്തിന്റെ ഉത്ഭവം – വെർജീനിയ വൂൾഫിന്റെ എ റൂം ഓഫ് വൺസ് ഓൺ 1929 – പുരുഷാധിപത്യത്തിന്റെ വിമർശനം – പുരുഷാധിപത്യസമൂഹം സ്ത്രീയെ ആത്മപ്രകാശനത്തിൽ നിന്ന് തടയുന്നു.

യൂനിറ്റ് 3. സിമോൺ ദ ബുവ്വാറിന്റെ ദ സെക്കന്റ് സെക്സ് 1949 വരുത്തിയ വിപ്ലവം – പുരുഷന്റെ വിലോ മവസ്തുവെന്ന നിലയിലോ അന്യമെന്ന നിലയിലോ ഉള്ള സ്ത്രീയുടെ വ്യക്തിത്വം – പുരുഷന്മാരുടെ സാഹി ത്യത്തിൽ സ്ത്രീകളെക്കുറിച്ചുള്ള മിത്തുകൾ.

യൂനിറ്റ് 4. പുരുഷനിർമ്മിതമായ സാഹിത്യചരിത്രത്തിന്റെ സ്ത്രീപക്ഷവിമർശനം – സാന്ദ്ര ഗൽബെർട്ട്, സൂസൻ ഗുബാർ, എലൈൻ ഷോവാൾട്ടർ എന്നിവരുടെ ചിന്തകളുടെ സാമാന്യാവലോകനം – മനഃശാസ്ത്രം, ചിഹ്നവിജ്ഞാനീയം, മാർക്സിസം എന്നിവയുമായുള്ള ആദാനപ്രദാനങ്ങൾ - ജൂലിയ ക്രിസ്തേവ, ഹെലേൻ സിക്സൂ, ലൂസി റിഗറേ, ഗായത്രി ചക്രവർത്തി സ്പിവാക് എന്നിവരുടെ സംഭാവനകളുടെ സാമാന്യപരിചയം.

യൂനിറ്റ് 5. ലളിതാംബിക അന്തർജ്ജനം, കെ. സരസ്വതിയമ്മ എന്നിവരുടെ സ്ത്രീസ്വാതന്ത്ര്യവിചാരങ്ങൾ - പാപത്തറയ്ക്ക് സച്ചിദാനന്ദൻ എഴുതിയ അവതാരിക – ജെ.ദേവികയുടെ സ്ത്രീവാദം, കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടാവുന്നതെങ്ങനെ എന്നിവ മുന്നോട്ടുവെക്കുന്ന നവസാംസ്കാരികവീക്ഷണങ്ങൾ. സമകാലമലയാളസാഹിത്യത്തിലെ സ്ത്രീവാദ-സ്ത്രീപക്ഷരചനകളും അവയുടെ വിമർശനവും. ഗൈനോക്രിട്ടിസിസം.

റഫറൻസ്


A Room of Ones Own _ Virginia Wolf

The Second Sex – Simon d Bevoire

Women in the Nineteenth Century – Cate Millet

The Sexual Politics – Kate Millet

സ്ത്രീവാദം – ജെ.ദേവിക

കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടാവുന്നതെങ്ങനെ- ജെ. ദേവിക

പാപത്തറയുടെ അവതാരിക – സച്ചിദാനന്ദൻ

ആത്മകഥയ്ക്ക് ഒരു ആമുഖം – ലളിതാംബിക അന്തർജ്ജനം

പുരുഷന്മാരില്ലാത്ത ലോകം – കെ. സരസ്വതിയമ്മ

# Pondicherry University
# Board of Studies in Malayalam
# SKILL ENHANCEMENT COURSES

## SEC-1 – ഭാഷാസാങ്കേതികത- തത്വവും പ്രയോഗവും

മലയാളഭാഷയുടെ വർത്തമാനം ഭാഷാസാങ്കേതികതയെ ആശ്രയിച്ചിരിക്കുന്നു. ഭാഷാസാങ്കേതികയെ സാമാന്യമായി പരിചയപ്പെടുത്തുകയും ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഗ്രഹിക്കുവാനുള്ള പ്രാപ്തി കൈവരിക്കുകയുമാണ് പഠനോദ്ദേശ്യം.

യൂനിറ്റ് 1. ഭാഷാസാങ്കേതികത എന്നാൽ എന്ത് - വിഷയത്തിന്റെ വ്യാപ്തിയും പരിധിയും. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സും ഭാഷാസാങ്കേതികതയും. ഭാഷാസാങ്കേതികതയുടെ പ്രയോഗമേഖലകൾ.

യൂനിറ്റ് 2. കമ്പ്യൂട്ടറും ഭാഷയും - യന്ത്രഭാഷ, മനുഷ്യഭാഷ എന്നിവ. മനുഷ്യഭാഷാസംസ്കരണം. ക്യാറക്ടർ എൻകോഡിംഗ്. ആസ്കി-യൂനികോഡ് എൻകോഡിംഗുകൾ. കോഡ് പേജ്, ക്യാറക്ടർ സെറ്റ്, ഗ്ലിഫ്, ഫോണ്ട് എന്നിവ.

യൂനിറ്റ് 3. വേർഡ് പ്രൊസ്സസ്സിംഗ്- വേഡ് പ്രൊസ്സസ്സിംഗ് ഉപകരണങ്ങൾ - ഡസ്ക് ടോപ് പബ്ലിഷിംഗ്  ടെക്സ്റ്റ് എഡിറ്റിംഗ്. മലയാളം അക്ഷരനിവേശനപരിചയം. വിവിധ അക്ഷരനിവേശനതന്ത്രങ്ങൾ.

യൂനിറ്റ് 4. മലയാളഭാഷയും വേൾഡ്‌വൈഡ് വെബ്ബും  മലയാളത്തിലെ ആദ്യത്തെ വെബ് സൈറ്റുകൾ- വെബ്ഫോണ്ട് സാങ്കേതികത - യൂനിക്കോഡ് കാലഘട്ടം- ബ്ലോഗ്, മൈക്രോബ്ലോഗിംഗ്- സാമൂഹിക മാദ്ധ്യമങ്ങൾ - വെബ് 2.0.

യൂനിറ്റ് 5. പ്രായോഗികപരിശീലനം.

1. മലയാളം വേർഡ് പ്രൊസ്സറിലും ഡസ്ക് ടോപ് പബ്ലിഷിംഗിലും ശീലിക്കുക.
2. ആസ്കി, യൂനിക്കോഡ് ഫോണ്ടുകൾ ഉപയോഗിച്ച് പരിശീലിക്കുക
3. ബ്ലോഗ്, വിക്കിപീഡിയ എന്നിവ പരിശീലിക്കുക.

## SEC -2- സംസ്കൃതഭാഷയും സാഹിത്യവും

മലയാളസാഹിത്യത്തിന്റെ പ്രഭവങ്ങളിലൊന്ന് സംസ്കൃതമാണ്. ക്ലാസ്സിക്കൽ- നിയോക്ലാസ്സിക് സാഹിത്യത്തിന്റെ പഠനത്തിനും ആസ്വാദനത്തിനും സംസ്കൃതജ്ഞാനം അത്യന്താപേക്ഷിതമാണ്. മലയാളസാഹിത്യപഠനത്തിന് ആവശ്യമായ അളവിൽ സംസ്കൃതഭാഷയെയും സാഹിത്യത്തെയും പരിചയപ്പെടുത്തുകയാണ് പഠനോദ്ദേശ്യം.

യൂനിറ്റ് 1. സംസ്കൃതസാഹിത്യചരിത്രപരിചയം – ഇതിഹാസകാവ്യങ്ങൾ, മഹാകാവ്യങ്ങൾ എന്നിവയുടെ പരിചയം.

യൂനിറ്റ് 2. സംസ്കൃതസാഹിത്യചരിത്രപരിചയം – സംസ്കൃതനാടകം – നാടകത്തിന്റെ വർഗ്ഗീകരണം, പ്രമുഖനാടകങ്ങൾ

യൂനിറ്റ് 3. സംസ്കൃതസാഹിത്യചരിത്രപരിചയം –കാവ്യരൂപങ്ങൾ: മുക്തകം മുതൽ മഹാകാവ്യം വരെ. സമസ്യ, പ്രഹേളിക എന്നിവ.

യൂനിറ്റ് 4. സംസ്കൃതസാഹിത്യത്തിന് കേരളത്തിന്റെ സംഭാവനകൾ - ശങ്കരാചാര്യർ, കുലശേഖര ചക്രവർത്തി, മേല്പത്തൂർ നാരായണഭട്ടതിരി, ബാലരാമഭരതം, കെ. എൻ. എഴുത്തച്ഛന്റെ കേരളോദയം എന്നിവയുടെ പരിചയം.

യൂനിറ്റ് 5. മേഘസന്ദേശം - കുട്ടിക്കൃഷ്ണമാരാരുടെ ഗദ്യവ്യാഖ്യാനം (വിശദപഠനം).

## SEC –3 – ഭാഷാശാസ്ത്രതത്വങ്ങൾ

ആധുനികഭാഷാശാസ്ത്രമെന്ന വിജ്ഞാനശാഖയെ സാമാന്യമായി പരിചയപ്പെടുകയാണ് പഠനോദ്ദേശ്യം. ഭാഷയെ പാഠ്യവസ്തുവായി സ്വീകരിക്കുമ്പോൾ വ്യാകരണവും ഭാഷാശാസത്രവും പഠനരീതികളിലും കാഴ്ചപ്പാടുകളിലും നിലപാടുകളിലും വ്യത്യസ്തത പുലർത്തുന്നു. സാമ്യവൈജാത്യങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുകയും ഭാഷാശാസ്ത്രത്തിന്റെ വ്യത്യസ്തപഠനശാഖകളെക്കുറിച്ച് സാമാന്യപരിചയം നല്കുകയും വേണം. അതോടൊപ്പം ഘടനാത്മകഭാഷാശാസ്ത്രത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ അപഗ്രഥനപദ്ധതികളുടെ സാമാന്യസ്വഭാവം പരിചയപ്പെടുത്തുകയും ചെയ്യുന്നു.

യൂനിറ്റ് 1. ഭാഷാശാസ്ത്രവും വ്യാകരണവും. വ്യാകരണപഠനത്തിന്റെ രീതികൾ - നിർദ്ദേശാത്മകരീതി, മാനകഭാഷയെ, പ്രത്യേകിച്ചും എഴുത്തുഭാഷയെ അടിസ്ഥാനമാക്കിയുള്ള അപഗ്രഥസമ്പ്രദായം, ശരിതെറ്റുകളെകളെക്കുറിച്ചുള്ള നിലപാട്,ദേശ്യഭേദങ്ങളെ അപഗ്രഥനത്തിനു പുറത്തുനിർത്തുന്ന കാഴ്ചപ്പാട് തുടങ്ങിയവ. ഭാഷാശാസ്ത്രത്തിന്റെ അപഗ്രഥനരീതികൾ- വിവരണാത്മകരീതി, സംസാരഭാഷയെ മുഖ്യമായി അവലംബിക്കുന്നു, ദേശ്യഭേദങ്ങളെ പരിഗണിക്കുന്നു, ശരിതെറ്റുകളെക്കുറിച്ച് ഉൽക്കണ്ഠപ്പെടാതെ ഭാഷാവ്യവസ്ഥയെ വിവരിക്കുന്നു.

യൂനിറ്റ് 2. ഭാഷ എന്ന പ്രതിഭാസം. മനുഷ്യഭാഷയും മനുഷ്യേതരഭാഷകളും - സാമ്യവൈജാത്യങ്ങൾ. ഭാഷോല്പാദനത്തിനുമാത്രമായി അവയവങ്ങളില്ല. സാംസ്കാരികമായ നിർമ്മിതി. ഭാഷയെന്ന ചിഹ്നവ്യവസ്ഥ - സൊസ്യൂറിന്റെ ദർശനം. ഭാഷയുടെ സർഗ്ഗാത്മകത - ഓരോ വാക്യവും പുതിയതെന്ന ചോംസ്കിയൻ പരികല്പന. ഭാഷയും മനുഷ്യബുദ്ധിയും. ഭാഷാശാസ്ത്രത്തിന്റെ പഠനമേഖലകൾ - സാമൂഹികഭാഷാശാസ്ത്രം, മനോഭാഷാശാസ്ത്രം, പ്രയുക്തഭാഷാശാസ്ത്രം, ഘടനാത്മകഭാഷാശാസ്ത്രം, വ്യവഹാരപഠനം, ശിശുഭാഷ എന്നിവ.

യൂനിറ്റ് 3. ഭാഷാശാസ്ത്രത്തിന്റെ പഠനരീതികൾ - ഏകകാലികപഠനം, ബഹുകാലികപഠനം എന്നിവ. ഭാഷാഭേദങ്ങൾ - കാലികം, ചരിത്രാത്മകസമീപനം, പ്രാദേശികം - സാമൂഹികഭേദങ്ങൾ, സാമുദായികഭേദങ്ങൾ, പ്രാദേശികഭേദങ്ങൾ. സാന്ദർഭികഭേദങ്ങൾ,റജിസ്റ്റർ, ആചാരഭാഷകൾ, ഔപചാരികഭാഷ, അനൗപചാരികഭാഷ, സമ്പൃഷ്ടഭാഷ, അസമ്പൃഷ്ടഭാഷ എന്നിവ. ഭാഷാപഗ്രഥനത്തിന്റെ തലങ്ങൾ - സ്വനതലം, സ്വനിമതലം, രൂപിമതലം, വാക്യതലം എന്നിവ.

യൂനിറ്റ് 4. സ്വനപഠനം - സ്വനം ഭൗതികമാത്ര, സ്വനാപഗ്രഥനം – വ്യത്യസ്തസമീപനങ്ങൾ, ഉച്ചാരണാധിഷ്ഠിതം, ശ്രവണാധിഷ്ഠിതം, സ്വനഭൗതികപഠനം എന്നിവ. ഉച്ചാരണാവയവങ്ങൾ, ഉച്ചാരണരീതികൾ, നികോചം. സ്വരവ്യഞ്ജനവിഭജനം.

യൂനിറ്റ് 5. സ്വനിമപഠനം. സ്വനിമവും ഉപസ്വനങ്ങളും. സ്വനം ഭൗതിസ്വഭാവം. സ്വനിമം സാങ്കല്പികമാത്ര. ഭാഷയും ഭാഷണവും (ലാംഗ്, പരോൾ). സ്വനിമാപഗ്രഥനം - അല്പവ്യത്യയജോടികൾ, അല്പേതരവ്യത്യയജോടികൾ.

## SEC -4- വൃത്തശാസ്ത്രവും അലങ്കാരശാസ്ത്രവും

ക്ലാസ്സിക്കൽ- നിയോക്ലാസ്സിക് സാഹിത്യത്തിന്റെ പഠനത്തിലും ആസ്വാദനത്തിലും വൃത്തം, അലങ്കാരം എന്നിവയ്ക്ക് നിർണ്ണായകപ്രാധാന്യമുണ്ട്. മലയാളസാഹിത്യപഠനത്തിന് സഹായകമായ അളവിൽ വൃത്താലങ്കാരങ്ങളെ പരിചയപ്പെടുത്തുകയാണ് പഠനോദ്ദേശ്യം.

യൂനിറ്റ് 1. ഛന്ദസ്സ് എന്ന പരികല്പന. വൃത്തങ്ങളുടെ വർഗ്ഗീകരണം – സംസ്കൃതവൃത്തങ്ങൾ, ദ്രാവിഡവൃത്തങ്ങൾ എന്നിവ. മാത്ര, ഗണങ്ങൾ.

യൂനിറ്റ് 2. സംസ്കൃതവൃത്തപരിചയം. ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി, രഥോദ്ധത, ഇന്ദ്രവംശ, ഭുജംഗപ്രയാതം, വസന്തതിലകം, മാലിനി, മന്ദാക്രാന്ത, ശാർദ്ദൂലവിക്രീഡിതം, സ്രഗ്ദ്ധര, കുസുമമഞ്ജരി, വിയോഗിനി, വസന്തമാലിക, പുഷ്പിതാഗ്ര, ആര്യ, ഗീതി, വക്ത്രം എന്നീ വൃത്തങ്ങളുടെ പരിശീലനം.

യൂനിറ്റ് 3. ഭാഷാവൃത്തപരിചയം. കാകളി, കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, ഊനകാകളി, ദ്രുതകാകളി, കേക, അന്നനട, തരംഗിണി, ഊനതരംഗിണി, മഞ്ജരി, നതോന്നത എന്നീ വൃത്തങ്ങളുടെ പരിശീലനം.

യൂനിറ്റ് 4. അലങ്കാരങ്ങളുടെ വർഗ്ഗീകരണം. ശബ്ദാലങ്കാരം, അർത്ഥാലങ്കാരം എന്നിവ. രുദ്രടന്റെ അലങ്കാരവർഗ്ഗീകരണപദ്ധതി. അലങ്കാരത്തെക്കുറിച്ചുള്ള ധ്വനിവാദികളുടെ പക്ഷം.

യൂനിറ്റ് 5. അലങ്കാരപരിചയം. ഉപമ, രൂപകം, ഉൽപ്രേക്ഷ, സസന്ദേശം, പ്രതിവസ്തൂപമ, ദൃഷ്ടാന്തം, നിദർശന, ദീപകം, അപ്രസ്തുതപ്രശംസ, രൂപകാതിശയോക്തി, ഉല്ലേഖം, വിരോധാഭാസം, സ്വഭാവോക്തി, സഹോക്തി, ആക്ഷേപം, അർത്ഥാപത്തി, കാവ്യലിംഗം, അർത്ഥാന്തരന്യാസം, ഉദാത്തം, വിഷമം, സമാസോക്തി, ശ്ലേഷം, അനുപ്രാസം, യമകം എന്നിവയുടെ പരിശീലനം.

**Pondicherry University**
**Board of studies in Malayalam**
**GENERIC ELECTIVE**

## GE-1-അച്ചടിമാദ്ധ്യമം-തത്വവും പ്രയോഗവും

യൂനിറ്റ് 1. ആശയവിനിമയം – നിർവ്വചനം, ആശയവിനിമയപ്രക്രിയ - ആശയം, സന്ദേശം, സങ്കേതനം, പ്രക്ഷേപണം, വിസങ്കേതനം, പ്രതികരണം. ആശയവിനിമയത്തിന്റെ ധർമ്മങ്ങൾ. ആശയവിനിമയത്തിന്റെ വർഗ്ഗീകരണം. ബഹുജനാശയവിനിമയം.

യൂനിറ്റ് 2. മാദ്ധ്യമം – നിർവ്വചനം. മാദ്ധ്യമങ്ങളുടെ വർഗ്ഗീകരണം. മാദ്ധ്യമവും സാങ്കേതികവിദ്യയും. എഴുത്ത്, അച്ചടി, പ്രക്ഷേപണം, സംപ്രേഷണം എന്നിവ. കമ്പ്യൂട്ടറും ഇന്റർനെറ്റും. വെബ്ബധിഷ്ഠിത മാദ്ധ്യമങ്ങൾ. അച്ചടിമാദ്ധ്യമത്തിന്റെ സവിശേഷതകൾ.

യൂനിറ്റ് 3. വാർത്ത - നിർവ്വചനം. വാർത്താമൂലകങ്ങൾ, വാർത്താപ്രഭവം, വാർത്താലേഖനരചന, ഇൻവർട്ടഡ് പിരമിഡ്ഘടന, വാർത്താലേഖനങ്ങളുടെ വർഗ്ഗീകരണം. റിപ്പോർട്ടിംഗ്, വാർത്താലേഖകന് ഉണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതകൾ, വാർത്താശേഖരണം.

യൂനിറ്റ് 4. വാർത്തേതരരചനകൾ - അഭിമുഖസംഭാഷണം, ഫീച്ചർരചന, മിഡിൽപീസ്, കാർട്ടൂണുകൾ, ഫോട്ടോകൾ. എഡിറ്റോറിയൽ.

യൂനിറ്റ് 5. മാദ്ധ്യമങ്ങളും സമൂഹവും - മാദ്ധ്യമധാർമ്മികത – പെയ്ഡ് ന്യൂസ്, സ്റ്റിംഗ് ഓപ്പറേഷൻ, യെല്ലോ ജേർണലിസം. സെൻസറിംഗ്, മാദ്ധ്യമങ്ങളും നിയമങ്ങളും.

റഫറൻസ്:

വാർത്ത- 1 മുതൽ 3 വരെ വാല്യങ്ങൾ - ജോയി തിരുമൂലപുരം
വൃത്താന്തപത്രപ്രവർത്തനം – സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള
പത്രങ്ങൾ വിചിത്രങ്ങൾ - കെ. പി. വിജയൻ.
Basic Journalism – Rangaswamy Parthasarathy

## GE-1- രംഗാവതരണം

നാടകത്തെ ഒരു സാഹിത്യരൂപം എന്ന നിലയിൽ മാത്രമല്ല രംഗാവതരണം എന്ന നിലയിലും മനസ്സിലാക്കേണ്ടതുണ്ട്. രംഗാവതരണത്തിന്റെ താത്വികവും പ്രായോഗികവുമായ സങ്കല്പങ്ങൾ പരിചയപ്പെടുത്തുകയാണ് പഠനോദ്ദേശ്യം.

യൂനിറ്റ് 1. നാടകം ലിഖിതപാഠവും രംഗപാഠവും – രംഗപാഠം എന്നാൽ എന്ത്. ലിഖിതപാഠത്തെ ദൃശ്യവത്കരിക്കൽ - ഗോർഡൻ ക്രെയ്ഗിന്റെ ബിംബസങ്കല്പം. അരങ്ങിലെ പുനഃസൃഷ്ടി.

യൂനിറ്റ് 2. കഥാപാത്രം – പാത്രസ്വഭാവത്തെക്കുറിച്ച് അരിസ്റ്റോട്ടിൽ. പാത്രാവതരണത്തെക്കുറിച്ച് സ്റ്റാനിസ്ലാവ്സ്കി. കഥാപാത്രങ്ങളുടെ ത്രിമാനാപഗ്രഥനം.

യൂനിറ്റ് 3. രംഗവേദി – വിവിധ രംഗാവതരണ ഇടങ്ങൾ - തുറസ്സായ വേദി, തെരുവോരനാടകം, പ്രൊസീനിയം അരങ്ങ്, എൻവയോൺ തിയ്യേറ്റർ. രംഗാവതരണത്തിൽ സ്ഥലരാശിയുടെ വിനിയോഗം.

യൂനിറ്റ് 4.രംഗാവതരണത്തിനായുള്ള ഒരുക്കം - റിഹേഴ്സൽ - ബ്ലോക്കിംഗ് -പ്രോംപ്റ്റിംഗ്. അഭിനയം: യഥാതഥവും ശൈലീകൃതവുമായ അഭിനയങ്ങൾ. നാട്യധർമ്മിയും ലോകധർമ്മിയും - നൃത്തം, സംഗീതം, എഫക്റ്റുകൾ.

യൂനിറ്റ് 5. അവതരണം - രംഗശില്പം, രംഗജംഗമങ്ങൾ, പ്രകാശവിതരണം, ശബ്ദക്രമീകരണം, അഭിനയം ഒരു സംഘവൃത്തി.

റഫറൻസ്

രംഗാവതരണം – ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നാടകരൂപചർച്ച – കാട്ടുമാടം നാരായണൻ
കർട്ടൻ - എൻ. എൻ. പിള്ള

## GE-2– ദൃശ്യമാദ്ധ്യമം– തത്വവും പ്രയോഗവും

യൂനിറ്റ് 1.ദൃശ്യമാദ്ധ്യമം – നിർവ്വചനം, ദൃശ്യമായ ആശയവിനിമയത്തിന്റെ വികാസചരിത്രം – ഗുഹാചിത്രങ്ങൾ മുതൽ വർത്തമാനകാലം വരെ. ഫോട്ടോഗ്രാഫി ചലച്ചിത്രം, വീഡിയോഗ്രാഫി, ഡിജിറ്റൽ വീഡിയോ എന്നിവയുടെ ആവിർഭാവവും വളർച്ചയും.

യൂനിറ്റ് 2. ദൃശ്യഭാഷ – ദൃശ്യമായ ആശയവിനിമയത്തിന്റെ ഘടകങ്ങൾ, ദൃശ്യഭാഷയുടെ ഘടകങ്ങൾ - ദൃശ്യം, ഫ്രെയിം, പ്രകാശവിന്യാസം തുടങ്ങിയവ. ഷോട്ട് - വിവിധതരം ഷോട്ടുകൾ- സ്ഥലരാശിയടെയും ക്യാമറ ആംഗിളിന്റെയും അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം. ക്യാമറയുടെ ചലനങ്ങൾ - പാനിംഗ്, ടിൽട്ടിംഗ് എന്നിവ. ട്രാക്കിംഗ്, ട്രോളി, ക്രെയിൻ ഷോട്ടുകൾ.

യൂനിറ്റ് 3. വാർത്ത ദൃശ്യമാദ്ധ്യമത്തിൽ- വാർത്താബുള്ളറ്റിൻ, വാർത്താമാഗസിൻ, ന്യൂസ് ഫ്ലാഷ്, ബ്രേക്കിംഗ് ന്യൂസ്. വാർത്താധിഷ്ഠിത പരിപാടികൾ, വാർത്താവിശകലനം, ഇന്ററാക്ടീവ് വാർത്താ വതരണം, ലൈവ് റിപ്പോർട്ടിംഗ്. അഭിമുഖസംഭാഷണങ്ങൾ.

യൂനിറ്റ് 4. വാർത്തേതരപരിപാടികൾ ടെലിവിഷനിൽ - ടെലിഫിലിം. നിർമ്മാണം, ആസൂത്രണം, തിരക്കഥ, സംവിധാനം. ഡോക്യുമെന്ററികൾ - വ്യക്തിചരിത്രം, ചരിത്രം, സ്ഥലങ്ങൾ, സംഭവങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്ററികൾ.

യൂനിറ്റ് 5. സംപ്രേഷണസാങ്കേതികവിദ്യ – അനലോഗ് സംപ്രേഷണം, ഭൂതലസംപ്രേക്ഷണം, ഉപഗ്രഹസംപ്രേഷണം, കേബിൾ സംപ്രേഷണം, വെബ്ബ് അധിഷ്ഠിത സംപ്രേഷണം, പോഡ് കാസ്റ്റിംഗ്, യു ട്യൂബ്, ലൈവ് സ്ട്രീമിംഗ്.

## GE-2– ഗദ്യരചന

വിവിധ ആവശ്യങ്ങൾക്കായി നടത്തുന്ന ഗദ്യരചനാരൂപങ്ങൾ പരിചയിക്കുകയും പരിശീലിക്കുകയും ചെയ്യുകയാണ് പഠനലക്ഷ്യം.

യൂനിറ്റ് 1. ഭാഷാശുദ്ധി – അക്ഷരത്തെറ്റ്, വാക്യഘടനയിലെ പിഴവുകൾ. സമസ്തപദങ്ങൾ. അർത്ഥ സന്ദിശ്ധത. ഗ്രാമ്യപദങ്ങൾ. മലയാളശൈലി, തെറ്റില്ലാത്ത മലയാളം എന്നീ പുസ്തകങ്ങൾ ഭാഷാശുദ്ധിയെക്കുറിച്ച് അവതരിപ്പിക്കുന്ന ആശയങ്ങൾ.

യൂനിറ്റ് 2. വിഷയാധിഷ്ഠിതലേഖനം – വിഷയത്തിന്റെ വിശകലനം, വിവരശേഖരണം, ലേഖന സംവിധാനം. ആമുഖം, ഖണ്ഡികകൾ, ഉപസംഹാരം. ഉദ്ധരണികൾ, ഗ്രന്ഥസൂചി.

യൂനിറ്റ് 3. പ്രബന്ധരചന – വിഷയസ്വീകരണം. ആകരസാമഗ്രികൾ. വിശകലനം. പൂർവ്വാനുമാനം. പ്രബന്ധസംവിധാനം – ആമുഖം, അദ്ധ്യായങ്ങൾ, ഉപസംഹാരം. ഉദ്ധരണികൾ, ഗ്രന്ഥസൂചി, ശൈലീപുസ്തകം.

യൂനിറ്റ് 4. വാർത്താലേഖനരചന – പത്രഭാഷ, വാർത്താലേഖനങ്ങളുടെ ഘടന. ഇൻവർട്ടഡ് പിരമിഡ് ഘടന. വാർത്താലേഖനങ്ങളുടെ സ്വഭാവസവിശേഷതകൾ. സംക്ഷിപ്തത, വ്യക്തത, അന്യഭാഷാ പദങ്ങളുടെ ഉപയോഗം. ചുരുക്കരൂപങ്ങൾ. പത്രക്കുറിപ്പ്.

യൂനിറ്റ് 5. പരസ്യങ്ങളിലെ ഭാഷ – സ്ലോഗൻ, വിവരണം. നോട്ടീസുകൾ, അറിയിപ്പുകൾ.

റഫറൻസ്

മലയാളശൈലി – കുട്ടിക്കൃഷ്ണമാരാർ

തെറ്റില്ലാത്ത മലയാളം – പന്മന രാമചന്ദ്രൻനായർ